കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചുനക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി12-1202/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477 2252753
E-mail: ddhglfalpy@gmail.com
തീയതി, 03.09.2018

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചുനക്കര ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : ചുനക്കര ഗ്രാമപഞ്ചായത്ത്- 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി12-1202/2018 തീയതി: 03.09.2018

# ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.17 മുതൽ 31.3.18 വരെയുള്ള രസീത് വരവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 06.07.2018 മുതൽ<br>20.07.2018 വരെ | പി.കെ.വിജയലക്ഷ്മി,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ദീപ.കെ.ഗോപാൽ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ദീപ.എസ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീകാന്ത്.സി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ശാന്താ ഗോപാലകൃഷ്ണൻ | 01.04.17 മുതൽ 31.03.2018വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീമതി.റീത്താ പവിത്രൻ | 01.04.17 മുതൽ 31.03.2018 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.രജനി.പി | 01.04.2017മുതൽ 31.03.2018വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ലക്ഷ്മി.ഐ. | 01.04.2017മുതൽ 03.03.2018വരെ |
| | | ഡോ.ഡാനിയേൽ കോശി | 04.03.2018മുതൽ 31.03.2018വരെ (Addl.charge) |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രഞ്ജു രാധാകൃഷ്ണൻ | 01.04.2017മുതൽ 31.03.2018വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുധർമ്മ.പി. | 01.04.2017മുതൽ 30.04.17വരെ |
| | | ഡോ.സ്മിത.പി.എസ് | 01.05.2017മുതൽ 22.01.18വരെ |
| | | ഡോ.അഭിലാഷ് അശോകൻ | 23.01.2018മുതൽ 31.03.18വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. ജസീമ ബീഗം | 01.04.2017മുതൽ 31.03.2018വരെ |
| 6 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീമതി .വസുമതിയമ്മ | 01.04.2017മുതൽ 31.03.2018വരെ |

| | | | |
|---|---|---|---|
| 7 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എസ്.നവാസ് | 01.04.2017മുതൽ 31.03.2018വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഗിരിജാ രാജശ്രീ | 01.04.2017മുതൽ 31.03.2018വരെ |
| | | ശ്രീ.ദിലീപ്.എസ്. | 22.11.2017മുതൽ 31.03.2018വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ബിനോദ്.ജെ | 01.04.2017മുതൽ 31.03.2018വരെ |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഋഷി.എസ്. | 01.04.2017മുതൽ 09.11.17വരെ |
| | | ശ്രീമതി.ബീന.പി.എസ്. | 10.11.2017മുതൽ 31.03.2018വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27/03/2017തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ബജറ്റ് പ്രകാരം | വരവ് | ചെലവ് |
|---|---|---|
| | 173932000 | 184481000 |

ബജറ്റ് - നടപടിക്രമങ്ങളിലെ അപാകതകൾ

(എ). വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടാകേണ്ടതുമാണെന്നും പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(3) ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ യഥർത്ഥ ഡിമാന്റ്/നീക്കിയിരിപ്പ് എന്നിവയിൽ നിന്നും വ്യതിചലിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിനുള്ള വിശദീകരണമൊന്നും തന്നെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(ബി). വികസന പദ്ധതിയുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനവരി 15 തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ, സെക്രട്ടറി, അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റ് നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നിർദ്ദേശങ്ങളൊന്നും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ നൽകിയിട്ടില്ല.

(സി). ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ബജറ്റ് അംഗീകാരത്തിന്

മുൻപായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാൻ കഴിഞ്ഞില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിക്കേണ്ടതുമാണ് (സ.ഉ. (ആർ.ടി) 3291/16/തസ്വഭവ/2.12.16, ധന മാനേജമെന്റ് മാന്വൽ). 23.12.17 ലെ ii നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് കമ്മറ്റി എന്നിവ അംഗീകരിക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല.

(ഡി). കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ചയിൽ തന്നെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പ്രത്യേക പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ 23.02.17 അവതരിപ്പിച്ച ബജറ്റ് ശുപാർശ 27.03.17 മാത്രമാണ് ജനറൽ കമ്മറ്റിയിൽ അവതരിപ്പിച്ചിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.18 | 25.05.18 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി/ ജി.എ4-1126(4)/2018 തീയതി, 04.07.2018 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10380347 |
| വരവ് | 57128839 |
| ആകെ | 67509186 |
| ചെലവ് | 50997081 |
| നീക്കിയിരിപ്പ് | 16512105 |

## 1-5 ഫണ്ട് വിനിയോഗം(A.C.R. പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 12921000 | 12921000 | 10880677 | 2040323 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് - എസ്.സി.പി. | | 7730277 | 7730277 | 6706049 | 1024228 |
| സംരക്ഷണഗ്രാന്റ് റോഡ് | | 7724000 | 7724000 | 7461009 | 262991 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2843000 | 2843000 | 1851118 | 991882 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5977532 | 5977532 | 2474934 | 3502598 |
| പെർഫോമൻസ് ഗ്രാന്റ് | | 977371 | 977371 | 977371 | 0 |
| എസ് ബി.റ്റി. സീറോ ബാലൻസ് | | 22641 | 22641 | 0 | 22641 |
| ട്രഷറി ഓൺ ഫണ്ട് | 1072 | 0 | 1072 | 0 | 1072 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ് ഫണ്ട്) | 1851146 | 15133241 | 16984387 | 11757680 | 5226707 |
| എസ്.ബി.റ്റി. സാക്ഷരത | 2937 | 110 | 3047 | 0 | 3047 |
| എസ്.ബി.റ്റി. ദുരിതാശ്വാസനിധി | 4580 | 135 | 4715 | 0 | 4715 |
| എസ്.ബി.റ്റി(പ്രസിഡന്റ് അവാർഡ്) | 139832 | 3518 | 143350 | 91658 | 51692 |
| എസ്.ബി. റ്റി(ടോട്ടൽ സാനിറ്റേഷൻ) | 585535 | 1449376 | 2034911 | 127500 | 1907411 |
| എം.എൻ.ആർ.ഇ.ജി.എസ് | 85002 | 562389 | 647391 | 634118 | 13273 |
| SBI(AIDS) | 80622 | 0 | 80622 | 0 | 80622 |
| SBI(Special SGRY) | 207111 | 2065 | 209176 | 575 | 208601 |
| Federal Bank(BBU) | 6088 | 230 | 6318 | 0 | 6318 |
| ADCB(ജലസുരക്ഷ) | 14147 | 570 | 14717 | 118 | 14599 |
| കോർപ്പറേഷൻ ബാങ്ക് | 256629 | 17770 | 274399 | 0 | 274399 |
| ബി.ഫണ്ട് | 0 | 551960 | 551960 | 551960 | 0 |
| തനത് ഫണ്ട് | 6910189 | 8768045 | 15678234 | 7076172 | 8602062 |
| ക്യാഷ് ( തനത് ഫണ്ട്) | 235467 | 94956 | 330423 | 235467 | 94956 |
| ട്രഷറി സ്പെഷ്യൽ (റ്റി.എസ്.ബി) | 0 | 170675 | 170675 | 170675 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 184 | 68187092 | 117 | 36330937 | | 67 | 63.58% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 85002 | 562389 | 647391 | 634118 | 13273 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 17682729 | | 17682729 | |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109560 | 187 |
| കർഷകതൊഴിലാളി പെൻഷൻ | 5822100 | 472 |
| വിധവാപെൻഷൻ | 10302600 | 890 |
| വാർദ്ധക്യകാലപെൻഷൻ | 28739100 | 2352 |
| വികലാംഗ പെൻഷൻ | 3406900 | 288 |
| അവിവാഹിത പെൻഷൻ | 33000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.18 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3380/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ഗൌരവമേറിയ അപാകതകൾ ഇല്ലെങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട താഴെ പറയുന്ന അപാകതകളിലേക്ക് ഭരണ സമിതി, ഉദ്യോഗസ്ഥർ എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന ചുവടെ പ്രതിപാദിക്കുന്ന അപാകതകൾ പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1. പഞ്ചായത്തിന്റെ ദൈനംദിന പണപിരിവ്, പണം ഒടുക്കൽ എന്നിവയ്ക്ക് മേൽ പരിശോധന കൃത്യമായി നടത്തുന്നില്ല.
2. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങുന്നില്ല.
3. സ്ഥാപനത്തിൽ പണം സൂക്ഷിക്കുന്നതിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. ഭരണസമിതി കൈകൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കുന്നതിലേക്കായി ഒരു വാച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സകർമ്മയിൽ നിന്നും തീരുമാന രജിസ്റ്റർ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. ബഡ്ജറ്റ് യഥാസമയം തയ്യാറാക്കുന്നുണ്ടെങ്കിലും ആയത് യാഥാർത്ഥ്യ ബോധത്തോടെയുള്ളതല്ല എന്ന് പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്തുന്നു.
6. സാംഖ്യ രീതിയിൽ തയ്യാറാക്കുന്ന വരവ് ചെലവു തുകകളിന്മേൽ നൽകുന്ന ക്രമീകരണ ജേണൽ എൻട്രികളുടെ ആധികാരികത മേൽ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടില്ല.
7. ഓരോ സെക്ഷനുകളും സൂചിക മുഖേന കൈപ്പറ്റുന്ന തപാലുകൾ സേവനാവകാശ നിയമപ്രകാരമുള്ള കാലയളവിനുള്ളിൽ പൂർണ്ണമായും തീർപ്പാൻ കഴിഞ്ഞിട്ടില്ല (തൻപതിവേട് തയ്യാറാക്കുന്നതും സൂചികയിൽ

ആണ്).

8. എല്ലാ കറണ്ട് ഫയലുകൾക്കൊപ്പവും സെക്ഷനുകൾ നോട്ട് ഫയലുകൾ തയ്യാറാക്കിയിട്ടില്ല.
9. സ്ഥാപനം ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.04.2018 | 03/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2017 | 2011-12 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരമുള്ള അപാകതകൾ പരിഹരിച്ച് റിവൈസ് ചെയ്ത വാർഷിക കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധനയിൽ കണ്ട പൊതു അപാകതകൾ

ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളിലും കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. പിരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് അടക്കുന്നതിനു മുൻപ് ആയത് ആരും പരിശോധിക്കുന്നതായി കാണുന്നില്ല. ഇപ്രകാരം പരിശോധിക്കുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിർവ്വഹിക്കുന്നതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പിരിക്കുന്ന തുകകൾ പഞ്ചായത്തിൽ അടക്കുമ്പോൾ പരിശോധനാ സംവിധാനത്തിന്റെ അഭാവം നിലവിലുണ്ട്. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക നൽകുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങുന്നതായും കാണുന്നില്ല.

## 2-2 വെറ്ററിനറി സർജനു നൽകിയ രസീതുകളിൽ തിരുത്തലുകൾ

2017-18 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്നും വെറ്ററിനറി സർജനു നൽകിയ രസീത് ബുക്കുകളുടെ പരിശോധനയിൽ താഴെപറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.

1. മുട്ടക്കോഴി വളർത്തൽ (ജനറൽ) പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃവിഹിതം ഇനത്തിൽ രസീത് ബുക്ക് നം.19138-ൽ 29 മുതൽ 100 വരെയുള്ള രസീതുകളിൽ 350/- രൂപ വീതം പിരിവ് നടത്തിയിട്ടുണ്ട്. ടി രസീതുകളിൽ 04/12/2017 എന്ന തീയതി 04/01/2018 എന്നു തിരുത്തിയിരിക്കുന്നു. പ്രസ്തുത രസീതുകളുടെ ആകെ തുകയായ 59850/-രൂപ 05/01/2018-ൽ ഒടുക്കിയിട്ടുണ്ട്.
2. കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതിയുടെ ഭാഗമായി രസീത് ബുക്ക് നം.19150-ൽ 91 മുതൽ 100 വരെയുള്ള രസീതുകളിലും, തുടർന്ന് രസീത് ബുക്ക് 151 (1-100), 152 (01-40) രസീതുകളിലുമായി 1050/-രൂപ വീതം 157500/-രൂപ പിരിച്ച് 17/02/2018-ൽ ഒടുക്ക വരുത്തിയിട്ടുണ്ട്. എന്നാൽ 19150 (91-100) വരെയും 19151(01-03)

വരെയുമുള്ള 13 രസീതുകളിൽ 29/01/2018 എന്ന തീയതി 17/02/2018 ആയി തിരുത്തിയാണ് 17/02/2018 ൽ തുക അടച്ചിട്ടുള്ളത്.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/16.07.2018) വെറ്ററിനറി സർജൻ നൽകിയ മറുപടിയിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്ത അതേ ദിവസങ്ങളിൽ തന്നെയാണ് ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുള്ളതെന്നും തിരുത്തിയ രസീതുകളിൽ നേരത്തെയുള്ള തീയതി അറിയാതെ തുടർന്നതുകാരണമാണ് ഇപ്രകാരം അപാകത സംഭവിച്ചിട്ടുള്ളതെന്നും പറഞ്ഞിരിക്കുന്നു. എങ്കിലും ഈ നിലയിൽ രസീത് ബുക്കിൽ തിരുത്തലുകൾ വരുത്തിയിട്ടും അത് കണ്ടുപിടിക്കാൻ കഴിയാതിരുന്നത് പഞ്ചായത്ത് തല പരിശോധനാ സംവിധാനത്തിലെ പോരായ്മയാണ്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-3 കെട്ടിടനിർമ്മാണ നിയന്ത്രണം നിരീക്ഷിക്കപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായ കെട്ടിട നിർമ്മാണ നിയന്ത്രണം നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതെന്നും, അനധികൃത നിർമ്മാണം/ അനുമതിയില്ലാത്ത നിർമ്മാണം എന്നിവ നടക്കുന്നില്ല എന്നും പ്രാദേശിക ഭരണവ്യവസ്ഥ ഉറപ്പുവരുത്തണം. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന സാധാരണ നടപടികൾ ഒഴികെ ഭരണപരമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല.

(എ). <u>അനധികൃത നിർമ്മാണം/അനുമതിയില്ലാത്ത നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല</u>

100 ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് എൻ.ഒ.സി അതിന് മുകളിലുള്ളവയ്ക്ക് പെർമിറ്റ് എന്നിവ ഉറപ്പാക്കി മാത്രം കെട്ടിട നിർമ്മാണം നടത്തണമെന്നിരിക്കെ ഇവ ഉറപ്പാക്കാതെ നിർമ്മാണം നടത്തുകയും പിന്നീട് ക്രമവല്കരണത്തിന് അപേക്ഷ നല്കി നമ്പർ ഇടുവിക്കുകയും ചെയ്യുന്നരീതി പഞ്ചായത്തിൽ കണ്ടു വരുന്നു. ഇതിൽ നിന്നും അനധികൃത നിർമ്മാണം കണ്ടെത്തി നിയന്ത്രിക്കുന്നതിന് ശക്തമായ ഉദ്യോഗസ്ഥ/ഭരണ സംവിധാനം പഞ്ചായത്തിലില്ല എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. ഫീൽഡ്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ് മെമ്മോ അടക്കമുള്ള നടപടികളിലൂടെ തടയേണ്ടതാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്തെങ്കിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 വാടക ഇനത്തിൽ കുടിശ്ശിക

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക ഇനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. മുൻ വർഷത്തെ 29830/-രൂപയും തൻ വർഷത്തെ 55649/- രൂപയും ചേർത്ത് ആകെ 85479/-രൂപ ഈ ഇനത്തിൽ പിരിച്ചെടുക്കാനുണ്ട്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ലേല ഇനങ്ങളിൽ തൻവർഷം വലിയ കുറവ്

മാർക്കറ്റ്, സ്ലോട്ടർ ഹൗസ് എന്നിവയുടെ ലേലതുകയിൽ 2017-18 സാമ്പത്തികവർഷത്തിൽ വലിയ കുറവ് ഉണ്ടായിട്ടുള്ളതായി കാണുന്നു. മാർക്കറ്റ് ലേലത്തിൽ നിന്നും തൻവർഷം 48776/-രൂപയും സ്ളോട്ടർ ഹൗസ് ലേലത്തിൽ നിന്നും 208592/- രൂപയുമാണ് ലഭിച്ചിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷം മാർക്കറ്റ് ലേലത്തിൽ നിന്നും 90934/-രൂപയും സ്ളോട്ടർ ഹൗസ് ലേലത്തിൽ നിന്നും 340367/- രൂപയുമാണ് ലഭിച്ചത്. ഇപ്രകാരം കുറവ്

വന്നിട്ടുള്ളതു സംബന്ധിച്ച് ആവശ്യമായ പരിശോധനകൾ നടത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 ഇ-പേമെന്റായി റസീപ്റ്റ് ചെയ്യുന്ന തുക കറണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു

പൊതുജനങ്ങൾക്ക് നികുതിപണം അടയ്ക്കുന്നതിന് എസ്.ബി.ഐ-യിൽ ആരംഭിച്ചിട്ടുള്ള ഇ-പേമെന്റ് അക്കൌണ്ടിൽ തൻവർഷം 22764രൂപ വരവുണ്ട്. എന്നാൽ ടി അക്കൌണ്ട് കറണ്ട് അക്കൗണ്ടായതിനാൽ (A/c no.67376776873) പലിശയിനത്തിൽ നഷ്ടം വരാനും സേവനങ്ങൾക്കായി സർവ്വീസ് ചാർജ്ജ് ഈടാക്കാനും സാധ്യതയുള്ളതിനാൽ പ്രസ്തുത അക്കൌണ്ടിൽ ലഭ്യമാകുന്ന തുക തനത് ഫണ്ടിന്റെ എസ്.ബി. അക്കൌണ്ടിലേക്ക് മാറ്റിയിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില പരിതാപകരം

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില വളരെ മോശമായ സ്ഥിതിയിലാണ്. ഗ്രാമപഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവുകൾ എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. പഞ്ചായത്തിന്റെ റവന്യൂ ചെലവിന്റെ 56.7ശതമാനം മാത്രമാണ് തനത് വരവ്. ജനറൽ പർപ്പസ് ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളവും, ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ ധനസ്രോതസ്സുകൾ ആവശ്യമാണ്. പാഴ്ച്ചെലവുകൾ ഒഴിവാക്കുന്നതിനും (ഉദാ: തെരുവ് വിളക്കുകളുടെ നീതിയുക്തമല്ലാത്ത വൈദ്യുതി ചാർജ്ജ്, പ്രവർത്തനരഹിതമായ പൊതുടാപ്പുകളുടെ കുടിവെള്ള കരം മുതലായവ), പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 18.3.2016 ൽ നിലവിൽ വന്ന പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-2 പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി

ജി.ഒ.(പി)259/2010/തസ്വഭവ, തീയതി, 08.11.2010 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണം ഗ്രാമപഞ്ചായത്ത് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടല്ല ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ ഭാഗമായുള്ള വിവിധ വാങ്ങലുകൾ നടത്തിയിട്ടുള്ളത്. പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ പദ്ധതി പ്രകാരമുള്ള വിവിധ വാങ്ങലുകൾ ടെണ്ടർ മുഖേന വാങ്ങുന്നതിന് തീരുമാനം എടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ലഭിച്ച ടെണ്ടറുകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വാങ്ങലുകൾക്കായി അംഗീകൃത ടെണ്ടർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

## 3-3 പൊതു ടാപ്പുകളുടെ പരിപാലനം തൃപ്തികരമല്ല

ഓഡിറ്റ് വർഷം 205 പൊതുടാപ്പുകൾക്ക് പ്രതിമാസം 89688/-രൂപ നിരക്കിൽ 1076250 രൂപ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് ചെലവ് ചെയ്തിട്ടുണ്ട്. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് തന്നെയാണ് താരിഫ് നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത്താനായിട്ടില്ല. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്താതെ വാട്ടർ അതോറിറ്റിയുടെ കണക്കിനെ മാത്രം ആസ്പദമാക്കി വെള്ളക്കരം ഒടുക്കുന്നത് പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് വിരുദ്ധമായ നടപടിയാണ്. സംയുക്ത പരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

പൊതു ടാപ്പുകൾക്കുള്ള കുടിവെള്ള പദ്ധതികളേക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് സർക്കാർ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതയില്ലാത്തവരിൽനിന്നും മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന് വൻ ബാദ്ധ്യത വരുത്തുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയ്ക്ക് ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1.56ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തിന് 45942018 രൂപ വകയിരുത്തിയെങ്കിലും 30351158 രൂപ മാത്രമാണ് ചെലവഴിച്ചത് (77.36). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടായിരുന്ന 1.56ലക്ഷം രൂപ 19-09-2015 ലെ ജി.ഒ (പി) നം-419/2015/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ സ്പിൽ ഓവർ ആകുന്ന പ്രോജക്ടുകൾക്ക് തൻ വർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക ചെലവഴിക്കേണ്ടതായി വരുന്നു. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് പ്രത്യേകം അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ യഥാർത്ഥത്തിൽ ലഭിക്കുന്ന തുകയേക്കാൾ കൂടുതൽ തുക പ്രോജക്ടിനായി വകയിരുത്തുന്ന സാഹചര്യവും നിലനിൽക്കുന്നു.

| ഫണ്ടിനം | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | 2017-18വർഷത്തെ ചെലവ് | ചെലവഴിക്കാതെ ശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 14076659 | 10880677 | 3195982 | 84.2 |
| വികസന ഫണ്ട്-എസ്.സി.പി | 8711649 | 6706049 | 2005600 | 95.38 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7495647 | 2474934 | 5020713 | 32% |
| ലോകബാങ്ക് സഹായം | 990947 | 977371 | 13576 | 98.62 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | *10891558 | 7461009 | 3430549 | 96.59 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 3775558 | 1851118 | 1924440 | 65.11 |
| ആകെ | 45942018 | 30351158 | 15590860 | 77.36 |

*മുൻ വർഷം ക്യൂ ബില്ലായ തുകയ്ക്ക് തൻ വർഷം അലോട്ട് മെന്റ് ലഭിച്ചില്ല. ആയതിനാൽ വകയിരുത്തിയ തുക കൂടി നിൽക്കുന്നു.

സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത് എന്നതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി/ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 സമഗ്ര നെൽകൃഷി വികസനം - ആവശ്യം പരിഗണിക്കാതെ പ്രൊജക്ട് വിഭാവനം

<u>ചെയ്യു</u>
പ്രൊജക്ട് നം : 59/18

ചെലവ് : 3133058

മേൽ പ്രൊജക്ട് പ്രകാരം 252 ഹെക്ടർ നെൽകൃഷി ചെയ്യുന്നതിന് 22051 കി.ഗ്രാം നെൽവിത്ത് വാങ്ങുന്നതിനായി 882045 രൂപയും കൂലിച്ചെലവിനായി 2251013 രൂപയും വകയിരുത്തിയിരുന്നു. 22980 കി.ഗ്രാം വിത്തിന് 882045 രൂപയും കൂലി നല്കിയ ഇനത്തിൽ 2251013 രൂപയും ചെലവായിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. 22051കി.ഗ്രാം. നെൽവിത്ത് 40രൂപ നിരക്കിൽ വാങ്ങുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തതെങ്കിലും 22980 കി.ഗ്രാം (929 കി.ഗ്രാം കൂടുതൽ) വിത്ത് വാങ്ങി. നെൽവിത്ത് വാങ്ങിയപ്പോൾ വിലയിൽ കുറവ് ഉണ്ടായത് കാരണം, വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തി കൂടുതൽ നെൽവിത്ത് വാങ്ങി. പ്രൊജക്ടിൽ വിഭാവനം ചെയ്തതിനെക്കാൾ കൂടുതൽ നെൽവിത്ത് വാങ്ങിയതിന്റെ കാരണം അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണം നല്കിയതിന് ലഭിച്ച മറുപടിയിൽ വിഹിതത്തിന്റെ 'പരിമിതിയനുസരിച്ച് ഒരു ഹെക്ടറിന് 80-100 കി.ഗ്രാം. എന്ന നിരക്കിലാണ് നെൽവിത്ത് വിതരണം ചെയ്യാറുള്ളത് എന്നും വില കുറഞ്ഞതിനാൽ 90-100 കി.ഗ്രാം. എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് കൂടുതൽ നെൽവിത്ത് വാങ്ങിയതെന്നും' കൃഷി ഓഫീസർ വിശദീകരിച്ചു. വിഹിതം കുറവായിരുന്നുവെന്നും വില കുറഞ്ഞതനുസരിച്ച് കൂടുതൽ നെൽവിത്ത് വാങ്ങുകയായിരുന്നുവെന്നും പ്രൊജക്ട് വിഭാവനം ചെയ്തതിലെ പോരായ്മയാണ് വ്യക്തമാക്കുന്നത്. തൻവർഷം വിവിധ പ്രൊജക്ടുകൾക്കായി വികസനഫണ്ട് ധനകാര്യക്കമ്മീഷൻ ഗ്രാന്റ് എന്നിവയെല്ലാം വകയിരുത്തിയതിനെക്കാൾ വളരെക്കുറച്ച് മാത്രമാണ് ചെലവഴിച്ചത്. ഈ സാഹചര്യത്തിൽ കൂടുതൽ തുക വിത്തിന് കണ്ടെത്താൻ സാധ്യമായിരുന്നു. മാത്രമല്ല, കണക്കാക്കിയ വിത്തിനെക്കാൾ കൂടുതൽ വേണമെന്ന് പാടശേഖരസമിതികൾ രേഖാമൂലം ആവശ്യപ്പെടുകയോ ബന്ധപ്പെട്ട കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.
2. 252 ഹെക്ടർ കൃഷി ചെയ്യുന്നതിന് വേണ്ടിയാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. പ്രൊജക്ടിൽ കണക്കാക്കിയതിനെക്കാൾ കൂടുതൽ വിത്ത് വാങ്ങിയെങ്കിലും വാങ്ങിയ വിത്ത് മുഴുവനും 246.14 ഹെക്ടറിലേക്ക് (കൃഷി ഓഫീസർ നല്കിയ മറുപടി പ്രകാരം) വിതരണം ചെയ്യുകയാണുണ്ടായത്. 4 ഹെക്ടർ വിരിപ്പ് കൃഷിയ്ക്ക് നെൽവിത്ത് വിതരണം ചെയ്തിട്ടില്ല.
3. കൂലിച്ചെലവ് നല്കുന്നതിന് എല്ലാ കർഷകരെയും പരിഗണിച്ചിട്ടില്ല. കൃഷിവകുപ്പിന്റെ ആനുകൂല്യം ലഭിച്ചവർക്കാണ് കൂലിച്ചെലവ് നല്കാതിരുന്നത് എന്ന് മറുപടി നല്കിയെങ്കിലും വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

കർഷകർക്ക് ആവശ്യമായ വിത്തിനെപ്പറ്റിയും കൃഷിഭവനിൽ നിന്നും നല്കുന്ന ആനുകൂല്യത്തെപ്പറ്റിയും വർക്കിംഗ് ഗ്രൂപ്പിലോ ഗ്രാമസഭകളിലോ ചർച്ച നടന്നിട്ടില്ല. എല്ലാ കർഷകർക്കും ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആവശ്യം പരിഗണിച്ച് പ്രൊജക്ട് വിഭാവനം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൃഷിയെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തിന് അനുകൂലമായ സമീപനം പ്രൊജക്ടുകൾ വിഭാവനം ചെയ്യുമ്പോൾ ഉണ്ടായിരിക്കേണ്ടതാണ്.

## 3-6 <u>കൃഷി - കൂടുതൽ ശ്രദ്ധ അനിവാര്യം</u>

<u>1. നെൽകൃഷിയ്ക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്</u>

മുൻവർഷം 180 ഹെക്ടർ നെൽകൃഷി നടന്നിരുന്നു. തൻവർഷം 99.4 ഹെക്ടർ തരിശ് നിലം കൃഷി ചെയ്യാനായി എന്നാൽ, മുൻവർഷത്തേത് ഉൾപ്പെടെ തൻവർഷം 279.4 ഹെക്ടർ നെൽകൃഷി ചെയ്യാനായിട്ടില്ല. തൻവർഷം 250.14 ഹെക്ടർ മാത്രമാണ് കൃഷി ചെയ്തിട്ടുള്ളത്. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത കൃഷിനാശത്തിന് കാരണമാകുന്നുണ്ട്. കനാലുകളെയാണ് നിലവിൽ ജലസേചനത്തിന് ആശ്രയിക്കുന്നത്. കാർഷികക്കലണ്ടറിന്റെ അടിസ്ഥാനത്തിൽ കൃഷിവകുപ്പ് ആവശ്യപ്പെടുമ്പോൾ കനാൽവെള്ളം ലഭിക്കാത്തത് വരൾച്ച രൂക്ഷമാക്കുന്നു. മുൻകൂട്ടി ആലോചിച്ച്, സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് മൂന്നു പ്രവൃത്തികൾ ജില്ലാപഞ്ചായത്ത് പ്രൊജക്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് കൃഷിഓഫീസ്റു വിശദീകരിച്ചു. കടുത്ത വരൾച്ച അനുഭവപ്പെടുന്ന പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാകുന്ന പരമാവധി വെള്ളം സംഭരിച്ച് കൃഷിയ്ക്ക് ഉപയോഗിക്കുന്നതാനാവശ്യമായ നടപടികൾ അനിവാര്യമാണ്.

പഞ്ചായത്തിലെ ജലസ്രോതസ്സുകൾ ഉപയുക്തമാക്കുന്നതിന് ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. കൂടുതൽ പ്രൊജക്ടുകൾ വിഭാവനം ചെയ്യുക

വിത്ത്, വളം എന്നിവ വിതരണം ചെയ്യുന്ന പ്രോജക്ടുകൾക്ക് പുറമെ കൂടുതൽ ജനങ്ങളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രോജക്ടുകൾ കൂടി വിഭാവനം ചെയ്യേണ്ടതാണ്.

3. കൃഷിഭവന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്

കൃഷിഭവന്റെ അടിസ്ഥാനസൗകര്യങ്ങൾ പര്യാപ്തമല്ല എന്നും ഈവിഷയം നിർവ്വഹണോദ്യോഗസ്ഥരുടെ യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ടെന്നും കൃഷിഓഫീസർ വ്യക്തമാക്കി. കൃഷി ഓഫീസിന് വേണ്ട സൗകര്യങ്ങൾ (മതിയായ ഫർണീച്ചർ, വിത്ത് സംഭരിക്കുന്നതിനുള്ള സംവിധാനം എന്നിവ) സജ്ജമാക്കുവൻ ശ്രദ്ധിക്കേണ്ടതാണ്. കൃഷിഭവന് ചുറ്റും വെള്ളം കെട്ടിക്കിടക്കുന്നത് ഉദ്യോഗസ്ഥർക്കും കർഷകർക്കും പ്രയാസമുണ്ടാക്കുന്നു. ഇത് ഒഴിവാക്കുവാൻ അടിയന്തിര സൗകര്യം ഒരുക്കേണ്ടതാണ്.

## 3-7 കന്നുകുട്ടിപരിപാലനം -പദ്ധതി നടപ്പായില്ല

പ്രോജക്ട് നംപർ 62/18, കന്നുകുട്ടിപരിപാലന പദ്ധതിയ്ക്ക് വേണ്ടി 312500 രൂപ 18.01.2018 ൽ ടി പദ്ധതിയുടെ അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രൊജക്ട് ആരംഭിച്ചിട്ടില്ല. സംസ്ഥാനവിഹിതം ലഭിക്കാത്തതിനാലാണ് പദ്ധതി നടപ്പാക്കാൻ സാധിക്കാത്തത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം നൽകിയത്. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്ന തുകയുടെ ഫലപ്രാപ്തി യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നപടി പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതും പദ്ധതി നടപ്പാക്കുന്നതനുസരിച്ച് രേഖകൾ പരിശോധനയ്ക്ക് സാധ്യമാക്കേണ്ടതുമാണ്.

## 3-8 തെരുവ് വിളക്കുകളുടെ പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല - വിതരണശേഷമുള്ള ഉപകരണങ്ങളുടെ കൃത്യമായ കണക്കില്ല

പ്രോജക്ട് നമ്പർ - SO64/18

അടങ്കൽ - 7,90,000

ചെലവ് - ബിൽ നമ്പർ - 31/30.1.18 – 3,49,980} ധനകാര്യ കമ്മീഷൻ ഗ്രാന്റ്

വൌച്ചർ നമ്പർ - 21700307/14.8.17 – 66,000}

വൌച്ചർ നമ്പർ - 21700444/25.9.17 – 66,000}

വൌച്ചർ നമ്പർ - 21700794/3.2.18 – 66,000}തനത് ഫണ്ട്

വൌച്ചർ നമ്പർ - 21700911/17.3.18 – 66,000}

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ടിലുൾപ്പെടുത്തി തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇലക്ട്രീഷ്യൻമാരുടെ വേതനമിനത്തിൽ രണ്ട് പേർക്കായി 168000 രൂപയും വാഹന വാടകയിനത്തിൽ 96000രൂപയും ഉപകരണങ്ങൾക്കായി 349980 രൂപയും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 44274/15 തീയതി,17-8-2015 നടപടിക്രമത്തിലെ പ്രത്യേക നിർദ്ദേശപ്രകാരം അടാട്ട് മാതൃകയിൽ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് സർക്കാർ അനുമതി നൽകിയപ്പോൾ പദ്ധതി നടപ്പിലാക്കുന്നതിന് ചില അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ ഈ മാതൃകയിൽ പദ്ധതി നടപ്പിലാക്കിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ തെരുവ് വിളക്കുകളുടെയും പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ അപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. പരാതികൾ സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി ഒരു നോഡൽ ഓഫീസറെ നിശ്ചയിച്ചതിന്റേയും പരാതികൾ പരാതി രജിസ്റ്ററിൽ ചേർത്ത് മെയിന്റനൻസ് ടീമിന് കൈമാറി പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റേയും വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 7 നൽകിയതിന് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടില്ലെന്നും ഓരോ വാർഡിലും വാർഡ് മെമ്പർ ചെയർമാനായും വികസന സമിതിയുടെ കൺവീനർ കൺവീനറുമായുള്ള സമിതിയുടെ മേൽനോട്ടത്തിലാണ് പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശാനുസരണം പ്രവർത്തികൾ നടത്തി വരുന്നതുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

3. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങുന്ന മുഴുവൻ ഉപകരണങ്ങളും രണ്ട് ഇലക്ട്രീഷ്യൻമാർക്കുമായി വീതിച്ച് നൽകുന്നതായി കണ്ടു. ഉപകരണങ്ങൾ ആവശ്യകത പരിഗണിച്ച് അതിനനുസരിച്ച് വിതരണം ചെയ്യാതെ വാങ്ങുന്നവ മുഴുവൻ വിതരണം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ഇപ്രകാരം ചെയ്യുന്നതിനാൽ ഓരോ ഇലക്ട്രീഷ്യൻമാരുടേയും കൈവശം എത്ര ഉപകരണങ്ങൾ ശേഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിന്റെ പക്കൽ കണക്കില്ല. അറ്റകുറ്റപ്പണിയുടെ തുക ലഭിക്കുന്നതിനുള്ള അപേക്ഷക്കൊപ്പം ഓരോ ദിവസവും വിവിധ വാർഡുകളിലെ പോസ്റ്റുകളിൽ ഉപകരണങ്ങൾ അറ്റകുറ്റപ്പണി/സ്ഥാപിച്ചതായി രേഖപ്പെടുത്തിയ പത്രിക ഹാജരാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ പത്രിക പരിശോധിച്ച് ഓരോ ഇനത്തിലുമുള്ള ഉപകരണങ്ങൾ എത്ര വീതം ഉപയോഗിച്ചിട്ടുണ്ടെന്ന് കണ്ടെത്താൻ കഴിയില്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ടതിന് ഓരോ വാർഡിലേയും പ്രവർത്തി സ്ഥലത്തേക്ക് അപ്പപ്പോൾ വന്ന് സാധനങ്ങൾ എടുക്കുകയെന്നത് പ്രായോഗികമല്ലെന്നും ആയതിനാൽ ഒരു പ്രദേശത്തെ മെയിന്റനൻസിനായി പോകുമ്പോൾ ആവശ്യമായ സാധനങ്ങൾ ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ ഇലക്ട്രീഷ്യൻമാർക്ക് നൽകുകയാണെന്നും ആയത് കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് മോണിറ്റർ ചെയ്യുന്നുണ്ടെന്നുമുള്ള മറുപടിയാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഇലക്ട്രീഷ്യൻമാർ ഹാജരാക്കിയ പത്രിക പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയ പല ഉപകരണങ്ങളുടേയും വിനിയോഗം കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്ന് കാണുന്നു. സി.എഫ്.എൽ. ലാമ്പുകളുടെ വിനിയോഗം കാണിക്കുമ്പോൾ അവ എത്ര വാട്ടിന്റേതാണെന്ന് രേഖപ്പെടുത്തുന്നില്ല. ബിജുകുമാർ ഹാജരാക്കിയ പത്രിക പ്രകാരം സെൻസർ ലൈറ്റ്, സെൻസർ എന്നിവ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടില്ല. കെ.പുഷ്പാകരൻ ഹാജരാക്കിയ പത്രിക പ്രകാരം സെൻസർ, എൽ.ഇ.ഡി എന്നിവ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടില്ല. ആയതിനാൽ തന്നെ മെയിന്റനൻസിനായി പോകുമ്പോൾ ആവശ്യമായ സാധനങ്ങൾ ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ ഇലക്ട്രീഷ്യൻമാർക്ക് നൽകുകയാണെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

എ. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബിജുകുമാറിന് നൽകിയ ഉപകരണങ്ങളുടെ വിവരം :

| ഉപകരണങ്ങളുടെ എണ്ണം/ഉപകരണങ്ങൾ കൈപ്പറ്റിയ തീയതി | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| സി.എഫ്. എൽ. 36X 40w/ ഉപകരണങ്ങൾ കൈപ്പറ്റിയ തീയതി | | സി. എഫ്. എൽ. സ്ട്രീറ്റ് ലൈറ്റ് സെറ്റ് 2x11 w | സി. എഫ്. എൽ റെട്രോഫിറ്റ് 20w | സി. എഫ്. എൽ ബൾബ് 15w | 36/40 ഫ്ലൂറസെന്റ് ട്യൂബ് | ഇലക്ട്രോണിക് ചോക്ക് 36/40 | പെൻഡന്റ് ഹോൾഡർ | ഇൻസുലേഷൻ ടേപ്പ് | Pvc ഷെയ്ഡ് | 1.5 m.m. അലൂമിനിയം കോയിൽ |
| 120 /31.5.17 | | 160 /31.5.17 | 300/ 13.6.17 | 1020/ 15.1.16 | 260/ 19.1.18 | 320/ 19.1.18 | 960/ 19.1.18 | 128/ 19.1.18 | 640/ 19.1.18 | 4/ 31.5.17 |
| | | | | | | | | | | 40/ 19.1.18 |
| ആകെ | 120 | 160 | 300 | 1020 | 260 | 320 | 960 | 128 | 640 | 44 |

എ.സ്ഥാപിച്ച ഉപകരണങ്ങളുടെ വിവരം

| വൌച്ചർ നം./തീയതി | സി.എഫ്.എൽ. | ട്യൂബ് | ഹോൾഡർ | ചോക്ക് | സെൻസർ ലൈറ്റ് | സെൻസർ |
|---|---|---|---|---|---|---|
| 21700307/14.8.17 | 147 | 45 | 82 | 18 | 54 | 3 |
| 21700444/25.9.17 | 137 | 25 | 80 | 11 | | 55 |
| 21700794/3.2.18 | 179 | 60 | 108 | 27 | | 20 |
| 21700911/17.3.18 | 204 | 48 | | 48 | | |
| | 667 | 178 | 270 | 104 | 54 | 78 |

ബി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കെ. പുഷ്പാകരന് നൽകിയ ഉപകരണങ്ങളുടെ വിവരം

| ഉപകരണങ്ങളുടെ എണ്ണം /ഉപകരണങ്ങൾ കൈപ്പറ്റിയ തീയതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സി. എഫ്. എൽ. 36x 40 w | സി. എഫ്. എൽ. സ്ട്രീറ്റ് ലൈറ്റ് സെറ്റ് 2x11 w | സി. എഫ്. എൽ. റെട്രോഫിറ്റ് 20w | സി. എഫ്. എൽ ബൾബ് 15w | 36/40 ഫ്ലൂറസെന്റ് ട്യൂബ് | ഇലക്ട്രോണിക് ചോക്ക് 36/40 | പെൻഡന്റ് ഹോൾഡർ | ഇൻസുലേഷൻ ടേപ്പ് | Pvc ഷെയ്ഡ് | 1.5 m.m. അലൂമിനിയം കോയിൽ |
| 120 /31.5.17 | 140 /31.5.17 | 250/ 13.6.17 | 1140/ 15.1.16 | 320/ 19.1.18 | 280/1 9.1.18 | 810/ 19.1.18 | 122/ 19.1.18 | 560/ 19.1.18 | 4/ 31.5.17 |
| 30 /തീയതി വ്യക്തമല്ല | | | | | | | | | 35/ 19.1.18 |
| ആകെ 150 | 140 | 250 | 1140 | 320 | 280 | 810 | 122 | 560 | 39 |

സി. സ്ഥാപിച്ച ഉപകരണങ്ങളുടെ വിവരം

| വൌച്ചർ നം./ തീയതി | സി. എഫ്.എൽ. | ട്യൂബ് | സെൻസർ | എൽ.ഇ.ഡി. |
|---|---|---|---|---|
| 21700307/14.8.17 | 202 | 59 | | 39 |
| 21700444/25.9.17 | 202 | 39 | 59 | |
| 21700794/3.2.18 | 198 | 15 | 22 | 36 |
| 21700911/17.3.18 | 258 | 24 | 8 | |
| | 860 | 137 | 89 | 75 |

4. 2017-18ലെ കരാർ അവസാനിച്ചശേഷം ശ്രീ.പുഷ്പാകരനുമായി കരാർ പുതുക്കിയിരുന്നില്ല. ഖണ്ഡിക 3-ബിയിലെ വിശദാംശങ്ങൾ പ്രകാരം ടിയാന് നൽകിയ ഉപകരണങ്ങൾ ബാക്കിയുള്ളതായി കാണുന്നു. 2018-19ൽ അറ്റകുറ്റപ്പണിക്കുള്ള കരാർ പുതുക്കാതിരുന്ന കെ. പുഷ്പാകരനിൽ നിന്നും ഉപയോഗശേഷം ബാക്കിയുള്ള ഉപകരണങ്ങൾ തിരികെ വാങ്ങി സ്റ്റോക്കിൽ ചേർത്തില്ല. ബാക്കിയുള്ള ഉപകരണങ്ങൾ അടിയന്തിരമായി തിരികെ വാങ്ങി സ്റ്റോക്കിൽ ചേർക്കേണ്ടതാണ്.

5. തിരികെ ലഭിക്കുന്ന കേടായ ഉപകരണങ്ങൾ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റം എന്ന രജിസ്റ്ററിൽ ചേർത്ത് വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും തമ്മിൽ റക്കൺസൈൽ ചെയ്ത്

സൂക്ഷിക്കുന്നില്ല.

6. തെരുവ് വിളക്ക് പരിപാലനത്തിനായി നിശ്ചിത മാതൃകയിൽ ഉള്ള ഒരു മെയിന്റനനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് ഭരണതല നടപടിക്ക് ശുപാർശ ചെയ്യുന്നു.

## 3-9 കേരള വാട്ടർ അതോറിറ്റി - പുതിയ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കൽ - നിശ്ചിത സമയ പരിധിയിൽ പ്രവർത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ - SO183/18

അടങ്കൽ - 17,30,000

ചെലവ് - ബിൽ നമ്പർ - 17/16.11.17 -- 14,83,282

ബിൽ നമ്പർ - 18/16.11.17 -- 1,16,718

ബിൽ നമ്പർ - 33/30.1.18 -- 1,30,000

നിർവ്വഹണം - സെക്രട്ടറി

തെരുവ് മുക്ക് മുതൽ തെക്കടത്ത് ജംങ്ഷൻ വരെയുള്ള ഭാഗത്ത് നിലവിലെ 150mm എ.സി.പൈപ്പ് ലൈൻ മാറ്റി പുതിയ 160 mm പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും വാർഡ് 8 ലെ കരിമുളക്കൽ ജംങ്ഷൻ മുതൽ ഉണ്ടുപറമ്പിൽ വരെയുള്ള ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമായി അംഗീകാരം ലഭിച്ച പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരമുള്ള 17,30,000 രൂപ മേൽ നമ്പർ ബില്ലുകൾ പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 16.11.17 ൽ 16,00,000 രൂപയും 30.1.18 ൽ 1,30,000 രൂപയും നൽകിയതിന് ശേഷം സെക്രട്ടറി 5.2.18 ൽ സി 2.001/18 നമ്പർ കത്ത് മുഖേന നിർവ്വഹണ ഏജൻസിയോട് കരാർ വെക്കാൻ ആവശ്യപ്പെടുകയും KWA/PHA/D4/4027/17-18 തീയതി,14.2.18 നമ്പരായി കരാറിലേർപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്.

2. എസ്റ്റിമേറ്റ് തുക ലഭിച്ച് മൂന്ന് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാമെന്നാണ് കരാർ വ്യവസ്ഥയെങ്കിലും ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം സ്വീകരിക്കുന്ന തുടർനടപടികൾ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്താതെ തുക നൽകിയതും തുക കൈപ്പറ്റി 6 മാസങ്ങൾക്ക് ശേഷവും പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് യാതൊരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ലെന്നതും പ്രവൃത്തി പുരോഗതിയും പൂർത്തീകരണവും മോണിട്ടറിംഗ് നടത്തേണ്ട വികസന സ്റ്റാൻഡിങ് കമ്മറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥയുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സെക്രട്ടറി സ്വീകരിക്കണമെന്നിരിക്കെ ഇക്കാര്യത്തിൽ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല. കുടിവെള്ള പ്രശ്നം രൂക്ഷമായ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന പ്രവൃത്തി പൂർത്തീകരിച്ച് ജലക്ഷാമം പരിഹരിക്കുന്നതിന് വികസന സ്റ്റാൻഡിങ് കമ്മറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥയുടേയും ഭാഗത്ത് നിന്ന് സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്. പൂർത്തീകരണവിവരം ലഭ്യമാകുന്നതു വരെ 17,30,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 8/16.7.18 നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്.

## 3-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പ് വാങ്ങിയില്ല

പ്രോജക്ട് നം. - 93/17, അടങ്കൽ - 600000

ചെലവ് - 585690/-

ബിൽ നം - 22/17-18 dtd.14.02.18

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി നടപ്പാക്കിയ93/17, പ്രോജക്ടിനായി" കടവിൽ ഇൻഫൊ ടെക്ക്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും (അഞ്ച് സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ടെന്ററുകളിൽ ജി.എസ്.ടി. ഉൾപ്പെടെ കുറവ് തുക ക്വോട്ട് ചെയ്ത (27890) സ്ഥാപനം) എയ്സറിന്റെ 21 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

സ.ഉ.(സാധാ)397/17/ത.സ്വ.ഭ.വ, തീയതി, 13.2.17 പ്രകാരം 1.2.17ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2-24 നമ്പർ തീരുമാനമനുസരിച്ച് ചുവടെ ചേർത്തിരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപാണ് വാങ്ങേണ്ടത്. എന്നാൽ പഞ്ചായത്ത് ലാപ്ടോപ്പ് വാങ്ങിയത്, സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷനിൽ നിന്ന് വ്യത്യസ്തമായ സ്പെസിഫിക്കേഷനിലും ഓപ്പറേറ്റിങ് സിസ്റ്റത്തിലുമുള്ള ലാപ്ടോപ്പാണ്. മേൽ ഉത്തരവ് പ്രകാരം ഒരു ലാപ്ടോപ്പിന് 30000/- രൂപയാണ് ചെലവഴിക്കാവുന്നത്.

| സർക്കാർ ഉത്തരവ് പ്രകാരം വാങ്ങേണ്ട ലാപ്പ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ | വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ |
|---|---|
| Usage: Use of word processing, spreadsheets, e-mail, Internet browsing, Web based applications and Multiple applications with graphics and multimedia performance essential for Web content, smooth graphics, and video, and data intensive e-Governance applications. Processor: 64 bit Multi core x86 Processor with 4 threads having either of  BAPCO SysMark 2014 rating of 700 or above tested with memory of 8.0GB<br>PC Mark 8 Work Accelerated Score of 3450 or higher, tested with 8GB RAM. Chipset: Compatible Motherboard: OEM Compatible Memory: 4 GB DDR3 1333 RAM(or Higher) Expandable up to 8GB Hard Disk: 1.0TB, 5400rpm or Higher Display: LED Backlit Display Display Size: 15.6” Resolution: 1366X768 WXGA | Intel core i3 $7^{th}$ Generation processor 4GB RAM/ITB HDD, 15.6 display/DVD WR, WiFi/B monitor Blue Tooth/Inbuilt Camera and speaker Warranty: 1 year |

| | | |
|---|---|---|
| or Higher<br>0. Wireless connectivity: IEEE 802.11b/g/n/WLAN integrated wireless, Integrated Bluetooth 4.0<br>1. DVD Writer: Integrated DVD Writer 8X or above<br>Speaker: Integrated Stereo Speaker Keyboard: Keyboard with Touch Pad  Camera: Integrated<br>2. Audio: Integrated High Definition Audio<br>3. Expansion Port : 3USB,1USB3.0, 10/100/1000 Ethernet Card, RGB or Video or VGA/HDMI, Microphone, Stereo Headphone & other Standard features<br>4. Power Supply: 230V, 50Hz AC Supply with rechargeable Battery Pack comprising of Li-Ion battery suitable for approx. 4hrs operation complete with battery charger/ adapter<br>5. Mouse: Optical Scroll mouse<br>6. Carry case: Backpack to be provided Weight: Weight Less than 2.5 Kg<br>7. Warranty: 5 year comprehensive onsite OEM warranty including battery and charger<br>8. Certification: (Preferable)<br>9. Operating System: Ubuntu 16.04 LTS preloaded<br>10. Energy Star 5.0/ Bureau of Energy Efficiency (BEE) certi | | |

| | |
|---|---|
| 11. fication, RoHS (Preferable)<br>12. Operating System: Ubuntu 16.04 LTS preloaded | |

രേഖകൾ പരിശോധിച്ചതിൽ ടെന്റർ നടപടികളിലും വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മേൽ പ്രകാരമുള്ള ലാപ് ടോപ്പിന് 34000/-രൂപ ആയതിനാലാണ് വാങ്ങാതിരുന്നതെന്നും വീഴ്ചകൾ വരാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. ആയതിനാൽ വാങ്ങലുകൾ നടത്തുന്ന സംഗതിയിൽ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള സാധനങ്ങൾ വാങ്ങുന്നുണ്ടെന്ന് പ്രൊക്യൂർമെന്റ് കമ്മറ്റി ഉറപ്പാക്കേണ്ടതാണ്.

## 3-11 പ്ലാസ്റ്റിക് നിർമ്മാർജ്ജനം - തുടർപ്രവർത്തനങ്ങളില്ല

പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി പ്രൊജക്ട് വിഭാവനം ചെയ്ത് തനതുഫണ്ടിൽ നിന്നും 13100 രൂപ (ചെക്ക് നം.12166/12.12.2017) ചെലവഴിച്ച് 23.11.2017 ൽ പരിശീലനപരിപാടി സംഘടിപ്പിച്ചതല്ലാതെ ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിച്ച ദിവസം നൽകിയ ഭക്ഷണച്ചെലവ് മാത്രമാണ് പഞ്ചായത്ത് നടത്തിയിട്ടുള്ളത്. ദീർഘകാല പദ്ധതിയുടെ ഭാഗമായി ഇപ്രകാരം ഒരു ചെലവുണ്ടായി എന്നതല്ലാതെ പഞ്ചായത്തിന് പ്രയോജനം ഉണ്ടായിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 2018-19 ൽ ഹരിതകർമ്മസേനയ്ക്ക് ശമ്പളം നല്കുന്നതിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രൊജക്ട് വിഭാവനം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. 2018-19ൽ പ്രൊജക്ട് വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും നടപ്പിലാക്കാതെ നീണ്ടുപോകുന്നു. പരിശീലനപരിപാടി സംഘടിപ്പിച്ച ശേഷം ഏഴ് മാസമായെങ്കിലും ഒരു പ്രവർത്തനവും നടന്നിട്ടില്ല. തുടർനടപടികൾ സംഘടിപ്പിക്കേണ്ടതിനെപ്പറ്റി ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച നടക്കുന്നതുമില്ല.

പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് ഒരു പ്ലാസ്റ്റിക് ഷ്റഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതിനാൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പ്രസ്തുത യൂണിറ്റിന് കൈമാറാനായാൽ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിൽ പഞ്ചായത്തിന് വിജയിക്കാനാകുന്നതാണ്. പദ്ധതി വിജയിപ്പിക്കുന്നതിൽ തുടരുന്ന അലംഭാവം ഒഴിവാക്കേണ്ടതാണ്.

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളെ പ്രധാനമായും ഗ്രാമപഞ്ചായത്തുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ഈ വിഷയത്തിൽ ക്രിയാത്മകമായി ഇടപെട്ട് ലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 തുടർ സാക്ഷരതാ പ്രവർത്തനം നിലച്ചു

ഗ്രാമപ്പഞ്ചായത്തിൽ നിലവിൽ സാക്ഷരതാ പ്രവർത്തനം നിലച്ച സ്ഥിതിയാണ്. ജനവിദ്യാകേന്ദ്രങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. സമ്പൂർണ്ണ സാക്ഷരതയുടെ അടുത്ത പടിയായി ആരംഭിച്ച തുടർ വിദ്യാകേന്ദ്രങ്ങളുടെ അഭാവത്തിൽ പൊതുജനങ്ങൾക്ക് തുല്യതാ പഠനത്തിന് അവസരമില്ല.

നാലാംതരം, ഏഴാംതരം, പത്താംതരം, പന്ത്രണ്ടാംതരം തുല്യതാ ക്ലാസുകളുടെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്ന ജില്ലാ സാക്ഷരതാ മിഷനിൽനിന്ന് സാക്ഷരത പ്രവർത്തനത്തിനായി ഗ്രാമപ്പഞ്ചായത്തിനു ലഭിച്ചിരുന്ന പണം കൈകാര്യം ചെയ്യുന്ന എസ്.ബി.ഐ അക്കൌണ്ടിൽ പലിശ ഒഴികെ 2937 രൂപയാണ് 2016-17 മുതൽ അവശേഷിക്കുന്നത്.

തുല്യതാ പരീക്ഷ എഴുതി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചേരാൻ ആഗ്രഹിക്കുന്ന പ്രദേശവാസികൾക്ക് അതിനുള്ള അവസരം നിഷേധിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നിലച്ചുപോയ തുടർ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര നടപടി ഉണ്ടാകേണ്ടതാണ്.

## 3-13 എ.ബി.സി. പദ്ധതി നടപ്പാക്കിയില്ല

മുൻവർഷങ്ങളിൽ എ.ബി.സി. പദ്ധതിയ്ക്ക് വേണ്ടി 2,00,000 രൂപ പഞ്ചായത്ത് നല്കിയിട്ടുണ്ടെങ്കിലും പദ്ധതി

നടപ്പാക്കാതെ തുടരുന്നതിനാൽ ലക്ഷ്യം കൈവരിക്കാനാകുന്നില്ല. പണം നിക്ഷേപിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതി അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 1,70,675 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,70,675 | 0 |
| ജില്ലാപഞ്ചായത്ത് | 1,70,675 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,70,675 | 0 |
| ജില്ലാപഞ്ചായത്ത് | 1,00,000 | പാലിന് സബ്സിഡി വിതരണം | 1,00,000 | 0 |
| ബ്ലോക്ക് വിഹിതം | 14,12,700 | നെൽകൃഷി വികസനം അന്നപൂർണ്ണ | 14,12,700 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 25,00,000 | വെട്ടിക്കോട്ട് ചാൽ | 0 | 25,00,000 |
| ബ്ലോക്ക് വിഹിതം | 10,00,000 | വെട്ടിക്കോട്ട് ചാൽ | 0 | 10,00,000 |
| ജില്ലാപഞ്ചായത്ത് | 3,00,000 | പ്ലാസ്റ്റിക് നിർമ്മാർജ്ജനം | 0 | 3,00,000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെലവ് വിവരം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ | -ബിൽ നമ്പർ - | 17,30,000 | 17,30,000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ | 17/16.11.17<br>18/16.11.17<br>33/30.1.18 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രസീത്/തീയതി |
|---|---|---|---|---|
| 1996-97 | 36, 42 | 10797 | സി.എൻ.മോഹനചന്ദ്രൻ പിള്ള, സെക്രട്ടറി | 117060900057/ 08.01.18 |
| 1997-98 | 27 | 57000 | സി.എൻ.മോഹനചന്ദ്രൻ പിള്ള, സെക്രട്ടറി | 17060900057/ 08.01.18 |
| 2006-07 | 3-2,3-3,3-12,3-15 | 16865 | തങ്കരാജൻ.ഡി,സെക്രട്ടറി | 117060900025/ 08.01.18 |
| | 2016-17 ഓഡിറ്റ് ഇംപാക്ട് | 3381 | ഷാജഹാൻ | 117090101515/ 18.08.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-24-1(2) | 2005-06, 2006-07 | 91 | പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള പദ്ധതിയുടെ കൺവീനർക്കെതിരെ RR നടപടി സ്വീകരിക്കുന്നത് | RR നടപടി സ്വീകരിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57128839 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50997081 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,73,000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

1,73,000/-

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| | | |
|---|---|---|
| ഖ.3-9 | 1,73,000 | ശ്രീമതി.റീത്ത പവിത്രൻ,<br>സെക്രട്ടറി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/2011 /31.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/2011 /31.01.2012 |
| 2000-01 | എൽ.എഫ്.ജി.എ5-1832/2011 /31.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/2011 |

| | |
|---|---|
| | /31.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1832/2011 /31.01.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577/13(B) /22.05.2012 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13(B) /22.05.2012 |
| 2008-09 | എൽ.എഫ്.ജി.എ5-1577/13(B) /22.05.2012 |
| 2009-10 | എൽ.എഫ്.പി.9/1200/10/21.03.2011 /31.03.2011 |
| 2010-11,11-12 | എൽ.എഫ്.പി.6/370 /2014/23.06.2014/ 08.08.2014 |
| 2012-13 | എൽ.എഫ്.പി.6/141 /2010/31.03.2015 |
| 2013-14 | കെ.എസ്.എ.എ.എൽ.പി./പി.6-1080 /2015/18.09.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./പി.12-820 /2016/26.07.201 |
| 2015-16 | കെ.എസ്.എ/എ.എൽ.പി./പി12/ 1538/16 തീയതി,27.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി12 -1189/2017 തീയതി,13.09.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# അനുബന്ധം 1

•

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(4)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 04.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

•

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.

ഡെപ്യൂട്ടി ഡയറക്ടർ